**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി നടപ്പിലാക്കി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ. (കൈയ്യെഴുത്ത്) നം: 636/2013/ഉവിവ. തീയതി, തിരുവനന്തപുരം, 07.10.2013**

---

പരാമർശം:-1. അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഉന്നത വിദ്യാഭ്യാസ കൌൺസിലിന്റെ 11.12.12, 24.1.2013 എന്നീ തീയതികളിലെ പഠന റിപ്പോർട്ട്

2.സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ജീവനക്കാരുടെ വിവിധ സംഘടനകൾ സർക്കാർ മുമ്പാകെ സമർപ്പിച്ച നിവേദനങ്ങൾ.

3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 11.12.2012ലെ ഇ1/26885/12/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ ആശ്രിതർക്കായി സമാശ്വാസ നിയമന പദ്ധതി നടപ്പാക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കിയത് പോലെ ഈ പദ്ധതി സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള കരട് മാർഗ്ഗരേഖ അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .കെ.എം എബ്രഹാം

ഗവ:അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. വൈസ് ചെയർമാൻ/മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൌൺസിൽ, തിരുവനന്തപുരം 33.
3. വിവര പൊതുജന സമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
4. പൊതു ഭരണ (എസ്. സി.) വകുപ്പ് (1.10.2013-ലെ ഇനം നം. 4281 പ്രകാരം)
5. അധികം/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ